**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5056** **20-03-2025 - ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ സർവ്വേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ,<br>ശ്രീ വി ശശി,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപ്പാക്കുന്നത് വഴി ഭൂമിയുടെ പൂർണ്ണ വിവരങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് കഴിയുമോ; വിശദീകരിക്കുമോ; | (എ) | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഡിജിറ്റൽ സർവെ പൂർത്തീകരിച്ച വില്ലേജുകളിൽ ഭൂമിയുടെ പൂർണ്ണ വിവരങ്ങൾ ഓൺലൈൻ സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതിന് കഴിയുന്നതാണ്.<br><br>ഡിജിറ്റൽ സർവെ പൂർത്തിയാകുന്ന വില്ലേജുകളിൽ ഭൂരേഖ വിവരങ്ങളുടെ കൃത്യമായതും ഡിജിറ്റലായി നാളതീകരിച്ചതുമായ സ്കെച്ചോടുകൂടി എല്ലാ ഭൂമി ഇടപാടുകളും സുതാര്യമായി നടക്കുന്നതാണ്. വിവിധ ഓഫീസുകൾ സന്ദർശിക്കാതെ തന്നെ ഭൂമി ഇടപാടുകളിൽ കാര്യക്ഷമതയും വേഗതയും ഇതുവഴി വർദ്ധിക്കുന്നു. ഈ ഓൺലൈൻ സേവന ലഭ്യതയ്ക്ക് സുതാര്യതയും സുരക്ഷയും ആധുനിക സാങ്കേതിക വിദ്യയുടെ പൂർണ്ണ സംരക്ഷണം ലഭിക്കുന്നതാണ്. |
| (ബി) | ഭൂമി സംബന്ധമായ സേവനങ്ങൾ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനോടൊപ്പം ഡാറ്റാ പ്രൈവസി ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | സേവന ലഭ്യതയ്ക്ക് സുതാര്യതയും സുരക്ഷയും ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ NIC മുഖാന്തിരം സോഫ്റ്റ് വെയർ രൂപപ്പെടുത്തിയിട്ടുണ്ട്.<br><br>ഇതിലൂടെ ഭൂരേഖകൾക്ക് പൂർണ്ണ സാങ്കേതിക സംരക്ഷണം ലഭ്യമാകുന്നു. ഉയർന്ന നിലവാരത്തിലുള്ള എൻക്രിപ്ഷൻ സംവിധാനം ഉപയോഗിച്ച് വ്യക്തികളുടെ വിവരങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നു. ഭൂമിയേയും ഭൂമി ഇടപാടുകളെയും സംബന്ധിച്ച വിവരങ്ങൾ നാളതീകരിച്ച ഡിജിറ്റൽ സ്കെച്ചുകൾ മുഖാന്തിരം പരിപാലിക്കുന്നു. ഭൂരേഖകളിലെ പിഴവുകൾ ഒഴിവാക്കുന്നതിനും, ഭൂമിയുമായി ബന്ധപ്പെട്ട രേഖകൾ ഏകോപിതമായി ലഭ്യമാക്കുന്നതിനും ഡിജിറ്റൽ പരിപാലനം സഹായിക്കും. |

| | | | |
|---|---|---|---|
| | | | ഇത്തരം ആധുനിക സാങ്കേതിക വിദ്യകളുടെ പ്രയോജനം ഭൂരേഖാ പരിപാലനത്തിൽ വിപ്ലവകരമായ പുരോഗതിക്ക് വഴിയൊരുക്കും |
| (സി) | ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫോർമേഷൻ മാനേജ്മെന്റ് സംവിധാനം നിലവിൽ വരുന്നത് ഭൂരേഖ പരിപാലനം സമഗ്രമാക്കുന്നതിന് സഹായിക്കുമോ; വിശദീകരിക്കുമോ? | (സി) | ഭൂസമ്പത്തിന്റെയും ഭൂരേഖയുടെയും കാര്യക്ഷമവും സുതാര്യവുമായ പരിപാലനം ലക്ഷ്യമാക്കി,ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളിൽ റവന്യൂ ,സർവെ,രജിസ്ട്രേഷൻ വകുപ്പുകളെ ഏകോപിപ്പിച്ച് സംയോജിത പോർട്ടൽ, ഇൻറഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ILIMS), നടപ്പാക്കപ്പെടുന്നു.<br><br>ഈ സംവിധാനം കൊണ്ട് പൊതുജനങ്ങൾക്ക് താഴെ പറയുന്ന വിവിധ സേവനങ്ങൾ ഏകീകൃത പ്ലാറ്റ്ഫോമിൽ ലഭ്യമാകുന്നു.<br><br>ഭൂമിയുടെ കൈമാറ്റം (Land Transfer), ഭൂമി രജിസ്ട്രേഷൻ ടെംപ്ലേറ്റ് സംവിധാനം,പ്രീ-മ്യൂട്ടേഷൻ സ്കെച്ച് (Pre- Mutation Sketch),ബാധ്യതാ സർട്ടിഫിക്കറ്റ് (Liability Certificate),ഭൂമി നികുതി അടവ് (Land Tax Payment),ന്യായവില നിർണ്ണയം (Fair Value Assessment),ഓട്ടോമ്യൂട്ടേഷൻ (Auto Mutation),ലൊക്കേഷൻ സ്കെച്ച് (Location Sketch),ഭൂമിയുടെ തരംമാറ്റം (Land Conversion) എന്നീ സേവനങ്ങൾ ഏകജാലക സംവിധാനം വഴി ലഭ്യമാകുന്നതിനാൽ,വിവിധ ഓഫീസുകൾ സന്ദർശിക്കേണ്ട ആവശ്യം ഇല്ലാതാകുകയും ഭൂമി ഇടപാടുകളുടെ കാര്യക്ഷമതയും വേഗതയും വർദ്ധിക്കുകയും ചെയ്യുന്നു.ഇത്തരത്തിലുള്ള ഏകോപിത ഭൂരേഖ പരിപാലന സംവിധാനം ഭൂരേഖാ രംഗത്തെ പരിഷ്കരണങ്ങളിൽ വിപ്ലവകരമായ മാറ്റം കൊണ്ടുവരുന്നതാണ്. |

സെക്ഷൻ ഓഫീസർ